**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1474** **12-02-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട പട്ടണ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട പട്ടണ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാട്ടാക്കട ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനത്തിനായി തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിലെ കുളത്തുമ്മൽ, വീരണകാവ്, പെരുങ്കുളം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 157.09 സെന്റ് (63.57 ആർസ്) ഭൂമി ഏറ്റെടുക്കുന്നതിന് 03/07/2024-ലെ സ.ഉ(സാധാ)നം. 1552/2024/റവ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി ചുവടെ പറയുന്ന 3 റീച്ചുകളായി തിരിച്ചിട്ടുണ്ട്.<br><br>റീച്ച് 1 – മുളിയൂർ – ക്രിസ്ത്യൻ കോളേജ് റോഡ് (29.84 ആർസ്)<br><br>റീച്ച് 2 – കാട്ടാക്കട – പെരുങ്കുളത്തൂർ റോഡ് (6.91 ആർസ്)<br><br>റീച്ച് 3 - മുളിയൂർ – പൂച്ചെടിവിള റോഡ് (14.32 ആർസ്), കാട്ടാക്കട – പൂച്ചെടിവിള റോഡ് (3.68 ആർസ്), ക്രിസ്ത്യൻ കോളേജ് - മാർക്കറ്റ് റോഡ് (8.82 ആർസ്).<br><br>പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിക്കൊണ്ട് 4(1) വിജ്ഞാപനം 05/07/2024-ലെ 2156-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് 28/11/2024-ൽ ലഭ്യമായിട്ടുള്ളതും 05/12/2024-ൽ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുള്ളതും, വിദഗ്ധ സമിതി റിപ്പോർട്ട് 13/01/2025-ൽ ലഭ്യമായിട്ടുള്ളതുമാണ്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമം, സെക്ഷൻ 8(2) പ്രകാരം പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനുള്ള സമുചിത സർക്കാർ ഉത്തരവ് 20/01/2025-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ, 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | വിവരശേഖരണം നടന്നു വരുന്നു. എൽ.എ കോസ്റ്റ് പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃത നടപടികൾ പൂർത്തീകരിച്ച് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |
| (ബി) | പൊട്ടൻകാവ്- നെല്ലിക്കാട് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; ഭൂമിഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ, മാറനല്ലൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 2.986 ഏക്കർ (120.84 ആർസ്) ഭൂമി പൊട്ടൻകാവ് - ചീനിവിള - നെല്ലിക്കോട് റോഡ് വികസനത്തിന് ഏറ്റെടുക്കുന്നതിന് 15/09/2022-ലെ സ.ഉ(സാധാ) നം. 3814/2022/റവ പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ്, തൈക്കാട് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിക്കൊണ്ട് 4(1) വിജ്ഞാപനം 10/02/2023-ലെ 499-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് 23/06/2023-ൽ ലഭ്യമായിട്ടുള്ളതും 10/07/2023-ൽ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുള്ളതും, വിദഗ്ധ സമിതി റിപ്പോർട്ട് 26/10/2023-ൽ ലഭ്യമായിട്ടുള്ളതുമാണ്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമം, സെക്ഷൻ 8(2) പ്രകാരം പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനുള്ള സമുചിത സർക്കാർ ഉത്തരവ് 30/10/2023-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 07/05/2024-ൽ കിഫ്ബി 2 സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നും എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിലേക്ക് മാറ്റി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് 13/06/2024-ന് അർത്ഥനാധികാരിയുമായി ചേർന്ന് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ പല സ്ഥലങ്ങളിലും അലൈൻമെന്റ് കല്ല് ഇട്ടിട്ടില്ലായെന്നും ഇട്ട കല്ലുകൾ ഇളക്കി മാറ്റിയതായും കണ്ടെത്തിയിരുന്നതും അപാകത പരിഹരിച്ച് അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് നൽകാമെന്ന് അർത്ഥനാധികാരി അറിയിച്ചതിനെ തുടർന്ന് 11(1) വിജ്ഞാപനം 25/10/2024-ലെ 3394-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സെക്ഷൻ 15(3) പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ് 07/01/2025 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. അലൈൻമെന്റ് കല്ല് സ്ഥാപിച്ചതായി അർത്ഥനാധികാരി 25/01/2025-ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 04/02/2025-ൽ വീണ്ടും പൊന്നുംവില ഓഫീസർ അർത്ഥനാധികാരിയുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തിയിരുന്നു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പരിശോധനയിൽ വീണ്ടും അലൈൻമെന്റിൽ അപാകതകൾ കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് അർത്ഥനാധികാരിയായ കെ.ആർ.എഫ്.ബി-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. അലൈൻമെന്റ് കല്ലുകൾ കൃത്യമായി സ്ഥാപിച്ച് അലൈൻമെന്റ് സ്കെച്ച് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വെ നടപടികൾ ഉൾപ്പെടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ